GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.49/2026 09.06.2026

## പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം: പരിശീലന പരിപാടി ജൂൺ 12ന്

തിരുവനന്തപുരം: കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) ജൂൺ 12ന് "പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം" വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ CAITT ട്രെയിനിംഗ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ പഴങ്ങളിൽ നിന്ന് ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ശാസ്ത്രീയ രീതികളും പ്രായോഗിക പരിശീലനവും നൽകും. പരിശീലന ഫീസ് 500 രൂപയാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണിക്കകം നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യണം. പരിശീലനത്തിന് ശേഷം പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 8891540778 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**